അദ്ധ്യായം നൂറ്റി എട്ട്

## അൽ കൗഥർ (അനുഗ്രഹാധിക്യം)

അവതരണം മക്കയിൽ, വചനങ്ങൾ 3

**അദ്ധ്യായ പരിചയം:**
മക്കയിൽ പ്രവാചകൻ മുഹമ്മദ്(സ) തൻെറ ദൗത്യം ആരംഭിച്ചതു മുതൽ പ്രതിയോഗികളുടെ മർദ്ദനപ്രവർത്തനങ്ങളും വർധിച്ചു എന്നു മുൻ അദ്ധ്യായങ്ങളുടെ ആമുഖത്തിൽ സൂചിപ്പിച്ചു. മാനസികവും ശാരീരികവുമായ അറുതിയില്ലാത്ത അക്രമം വിശ്വാസികളെ തികച്ചും പ്രയാസപ്പെടുത്തിയിരുന്നു. മാത്രവുമല്ല, ശത്രുക്കൾ ഇങ്ങനെ പറഞ്ഞു പ്രചരിപ്പിക്കുകയും ചെയ്തു: മുഹമ്മദ് തീർത്തും ഒറ്റപ്പെട്ടിരിക്കുന്നു. അവന് ആൺമക്കൾ ആരുമില്ല. ഇനി അവൻ തന്നെയങ്ങ് മരിച്ചുപോയാൽ പിന്നെ അവന് പിൻഗാമിയും ഉണ്ടാകില്ല. ഈ ഘട്ടത്തിൽ അദ്ദേഹത്തിന് ദൈവസഹായം വാഗ്ദാനം ചെയ്തുകൊണ്ട് അവതരിച്ച അദ്ധ്യായമാണിത്. അദ്ദേഹത്തിന് ഐഹികവും പാരത്രികവുമായ ഒട്ടധികം അനുഗ്രഹങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്യുകയുണ്ടായി. അതിൽ പ്രധാനമാണ് കൗഥർ. അതുതന്നെയാണ് ഈ അദ്ധ്യാത്തിന് നാമമായും സ്വീകരിച്ചിട്ടുള്ളത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِنَّآ أَعْطَيْنَٰكَ ٱلْكَوْثَرَ ﴿١﴾ فَصَلِّ لِرَبِّكَ وَٱنْحَرْ ﴿٢﴾ إِنَّ شَانِئَكَ هُوَ ٱلْأَبْتَرُ ﴿٣﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തീർച്ചയായും നാം നിനക്ക് കൗഥർ (ധാരാളം നന്മ) നല്കിയിരിക്കുന്നു.
2. അതിനാൽ നീ നിൻെറ നാഥനുവേണ്ടി നമസ്കരിക്കുക. അവന് ബലിയർപ്പിക്കുകയും ചെയ്യുക.
3. നിശ്ചയം, നിന്നോട് ശത്രുത പുലർത്തുന്നവൻ തന്നെയാണ് വാലറ്റവൻ.

**വിശദീകരണം**
ഖുർആന്ന് നേർക്കുനേരെ പരിഭാഷ സാധ്യമല്ല. പ്രത്യേകിച്ച് ചില പദങ്ങൾ ഒരു നിലക്കും തർജമക്ക് വഴങ്ങുന്നതല്ല, ഒരു ഭാഷയിലും. അതിൽ പെട്ട ഒരു വാക്കാണ് കൗഥർ. അതിനാൽ തന്നെ അതിൻെറ ആശയവിവർത്തനമാണ് ഇവിടെ കൊടുത്തത്. അനുഗ്രഹത്തിൻെറ ആധിക്യത്തിനാണ് ആ വാക്ക് ഉപയോഗിക്കുന്നത്. ഐഹികവും പാരത്രികവുമായ അനുഗ്രഹങ്ങളാണവ.

കൗഥർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വർഗത്തിലെ ഒരു നദിയാണെന്ന് പ്രവാചകവചനങ്ങളിൽ കാണാം. അതോടൊപ്പം അദ്ദേഹത്തെ ഇങ്ങനെ സമാശ്വസിപ്പിക്കുന്നു:

താങ്കൾ ഒറ്റപ്പെട്ടിരിക്കുന്നുവെന്നും താങ്കൾക്ക് പിൻഗാമിയില്ലെന്നും അതിനാൽ ഈ ദൗത്യം വിജയിക്കാൻ പോകുന്നില്ലെന്നും താങ്കളുടെ പ്രതിയോഗികൾ പറയുന്നുണ്ടല്ലോ. എന്നാൽ അടുത്തു തന്നെ ഈ ദൗത്യം വിജയിക്കുന്നതും തങ്ങളുടെ പ്രതിരോധത്തോടൊപ്പം താങ്കളുടെ പ്രതിയോഗികൾ പരാജയപ്പെടുന്നതും താങ്കൾക്ക് കാണാനാകും. അതിനാൽ താങ്കൾ അവരുടെ ജല്പനത്തിൽ പ്രയാസപ്പെടേണ്ടതില്ല.

ഈ അനുഗ്രഹങ്ങളെ സംബന്ധിച്ച സുവാർത്തയറിയിച്ചശേഷം പ്രവാചകരോട് അല്ലാഹു നിർദ്ദേശിക്കുന്ന സംഗതികളാണ് രണ്ടും മൂന്നും വചനങ്ങളുടെ പ്രതിപാദ്യം. അതായത് അല്ലാഹുവിനു മാത്രം നമസ്കരിക്കുകയും അവൻെറ അനുഗ്രങ്ങൾക്ക് നന്ദിസൂചകമായി ഒട്ടകത്തെ ബലിയർപ്പിക്കുകയും ചെയ്യുക.

മക്കയിലെ ബഹുദൈവവിശ്വാസികൾക്ക് അപരിചിതമായിരുന്നു ഈ രണ്ടു ആരാധനകളും. അവർ പ്രതിമകൾക്ക് ബലിയർപ്പിക്കുകയും മുഖരിതമായ അവസ്ഥയിൽ എന്തോ ചടങ്ങുകൾ ആരാധനയെന്ന പേരിൽ നടത്തുകയുമായിരുന്നു പതിവ്. അതിനാലാണ് പ്രവാചകരോട് ഇങ്ങനെ പറഞ്ഞത്: താങ്കൾ അല്ലാഹുവിനു മാത്രം നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

അതോടൊപ്പം അദ്ദേഹത്തിന് ആശ്വാസമായിക്കൊണ്ട് അരുളുന്നു: താങ്കളോട് വൈരത്തോടെ പെരുമാറുകയും താങ്കളെ അപമാനിക്കുകയും ദ്രോഹിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നതാരോ അവര്‍ തന്നെയാണ് നശിക്കാന്‍ പോകുന്നത്.